**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3499** **26-06-2024 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ നടപടികളിലെ സുതാര്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | വസ്തുവിന്റെ എല്ലുക, തേട്ടക്രമം, പണത്തിന്റെ സ്രോതസ്സ് ഉടങ്ങിയവ രേഖപ്പെടുത്തേണ്ടതില്ലാത്ത ഫോറം സമ്പ്രദായം (ടെംപ്ലേറ്റ്), ആധാരമെഴുത്തിൽ വരുന്ന തിരുത്തലുകൾ രേഖപ്പെടുത്തുന്ന ഫയലിംഗ് ഷീറ്റ് ഒഴിവാക്കൽ എന്നിവ പുതിയ രജിസ്ട്രേഷൻ സംവിധാനത്തിൽ ക്രമക്കേടിന് വഴിവെക്കുമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നടപടിക്രമങ്ങളിൽ സുതാര്യതയും ആധാരമെഴുത്ത് മേഖലയിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനുമായി പരമ്പരാഗത രീതി തുടരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | 11/03/2024 തീയതിയിലെ സ.ഉ(സാധാ)നം.230/2024/TAXES നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആധാരങ്ങൾക്ക് ഫോം രൂപത്തിലുള്ള ആധാര മാതൃകകൾ അംഗീകരിച്ചു കൊണ്ടും അവ ഉപയോഗിച്ചുള്ള ആധാര രജിസ്ട്രേഷന് അനുമതി നല്കിക്കൊണ്ടും ഉത്തരവായിരുന്നു.<br><br>നിർദ്ദിഷ്ട ടെംപ്ലേറ്റിൽ ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് വസ്തുവിന്റെ എല്ലുകയും വിവരണങ്ങളും ഉൾപ്പെടെ രേഖപ്പെടുത്തേണ്ടതുണ്ട്. ഇതു കൂടാതെ ആധാര കക്ഷികൾക്ക് അതിലെ വ്യവസ്ഥകൾ, കരാറുകൾ എന്നിവയെല്ലാം അവരുടെ ഇച്ഛാനുസരണം മാറ്റം വരുത്തുവാൻ കഴിയുന്നതുമാണ്.<br><br>അസ്സൽ ആധാരത്തോടൊപ്പം നിലവിലുള്ള രീതിയിൽ ഫയലിംഗ് ഷീറ്റും തയ്യാറാക്കി രജിസ്ട്രേഷനായി സമർപ്പിക്കേണ്ടതുണ്ട്. രജിസ്ട്രേഷൻ പൂർത്തിയാക്കിയ ആധാരങ്ങളിലെ തെറ്റുകൾ തിരുത്തുന്നതിനും രജിസ്ട്രേഷൻ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.<br><br>ആയതിനാൽ വസ്തുവിന്റെ എല്ലുക, തേട്ടക്രമം, പണത്തിന്റെ സ്രോതസ്സ് ഉടങ്ങിയ വിവരങ്ങൾ എല്ലാം തന്നെയും ടെംപ്ലേറ്റ് അടിസ്ഥാനമാക്കി തയ്യാറാക്കുന്ന ആധാരങ്ങളിൽ രേഖപ്പെടുത്തുവാൻ കഴിയുന്നതാണ്. ഫയലിംഗ് ഷീറ്റ് ഒഴിവാക്കുവാൻ വകുപ്പ് തീരുമാനിച്ചിട്ടുമില്ല. ഈ സൗകര്യങ്ങൾ നടപ്പിലാക്കുമ്പോൾ ആധാരമെഴുത്തുകാരുടെ തൊഴിലിനെ ബാധിക്കാതിരിക്കുവാൻ ആധാരമെഴുത്ത് മേഖലയിലുള്ളവർക്ക് ആവശ്യമെങ്കിൽ പരിശീലനം നൽകുന്ന കാര്യവും പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | ആയതിനാൽ മേൽ വിവരിച്ച പരിഷ്കാരം ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾക്ക് വഴിവെക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ